# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

# അക്കാദമിക മാസ്റ്റർ പ്ലാൻ

സെന്റ് മാർഗരറ്റ്സ്
ഗേൾസ് ഹൈസ്കൂൾ
കാഞ്ഞിരകോട്

# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

## വിദ്യാലയ വികസന രേഖ.

## സെന്റ്. മാർഗ്രറ്റ്സ് ഗേൾസ് ഹൈസ്കൂൾ. കാഞ്ഞിരംകോട്.

D.E.O :- സുനിത എസ്

A.E.O :- ശശിധരൻ പിള്ള ബി

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് :- P.K. ഗോപൻ

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് :- ജയദേവി മോഹൻ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് :- അനീഷ് പടപ്പക്കര

വാർഡ് മെമ്പർ :- സിൽവിയ സെബാസ്റ്റ്യൻ

# അടിസ്ഥാന വിവരങ്ങൾ.

* വിദ്യാലയത്തിന്റെ പേര് :- സെന്റ് മാർഗ്രെറ്റ്സ് ഗേൾസ് ഹൈസ്കൂൾ.
* വിലാസം :- കാഞ്ഞിരക്കോട്, കുണ്ടറ പിൻ. 691501
* ഫോൺ :- 0474-2523189
* സ്കൂൾ കോഡ് :- 41022.
* വിദ്യാഭ്യാസ ഉപജില്ല :- കുണ്ടറ.
* വിദ്യാഭ്യാസ ജില്ല :- കൊല്ലം.
* റവന്യൂ ജില്ല :- കൊല്ലം
* BRC :- കുണ്ടറ.
* CRC :- മുളവന.
* ഗ്രാമപഞ്ചായത്ത് :- പേരയം.
* ബ്ലോക്ക് പഞ്ചായത്ത് :- ചിറ്റുമല.
* ജില്ലാ പഞ്ചായത്ത് :- കൊല്ലം
* നിയമസഭാ മണ്ഡലം :- കുണ്ടറ
* ലോകസഭാ മണ്ഡലം :- കൊല്ലം

താലൂക്ക് :- കൊല്ലം

വില്ലേജ് :- പേരയം.

ഇ.മെയിൽ :- 41022klm@gmail.com.

താലൂക്ക് :- കൊല്ലം

വില്ലേജ് :- പേരയം.

ഇ.മെയിൽ :- 41022klm@gmail.com.

# അനുബന്ധം

* വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവവൈവിധ്യ പാർക്ക് ഫോട്ടോ.

* മികവുകൾ, നേട്ടങ്ങൾ.

* കുട്ടികളുടെ എണ്ണം.

* എസ്. എസ്. കെ. പദ്ധതിക്കായി തയ്യാറാക്കിയ വിവിധ പട്ടികകൾ.

* നിലവിലുള്ള കമ്മിറ്റികൾ.

# താളുകളിലൂടെ

* ആമുഖം
* ലക്ഷ്യങ്ങൾ.
* വിദ്യാലയത്തിന്റെ ലഘുചരിത്രം.
* വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
* പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
* നിലവിലെ അവസ്ഥാ വിശകലനം.
* മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒരു നോട്ടത്തിൽ.
* പദ്ധതി വിശദാംശങ്ങൾ.
* പ്രതീക്ഷിത നേട്ടങ്ങൾ.
* മോണിറ്ററിംഗ്
* ഉപസംഹാരം.

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ
യജ്ഞം പ്രാവർത്തികമാക്കാൻ സർക്കാർ സമഗ്ര
ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി ആരം
ഭിച്ചു. ഇതിൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപന
ങ്ങൾക്കു പുറമേ എയ്ഡഡ് വിദ്യാഭ്യാസ
സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ഈ പദ്ധതി
ഒരു വൻ വിജയമാക്കാൻ ശ്രമിക്കുന്ന കേരള
സർക്കാരിനെ അഭിനന്ദിക്കുന്നു. ഇതൊരു വലിയ
കാഴ്ചപ്പാട് യാഥാർത്ഥ്യമാകുന്നതിലൂടെ കുട്ടികളുടെ
സർവതോമുഖമായ വികാസം സാധ്യമാകുന്നു. സ്കൂ-
ളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി
കാര്യക്ഷമവും പ്രയോജനകരവുമാക്കി മാറ്റുന്ന
തോടൊപ്പം തന്നെ കുട്ടികളെ പരിസ്ഥിതി സംരക്ഷണ
മുള്ളവരാക്കി മാറ്റുകയും ചെയ്യുന്നു. ഇത് മൂലം
ബാഹ്യ മോടികളാൽ ആകർഷിക്കുന്ന അൺ
എയ്ഡഡ് സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക്
ഒരു പരിധിവരെ നിയന്ത്രിക്കാനും കഴിയുന്നു.
സർക്കാർ എയ്ഡഡ് സ്കൂളുകൾ അന്താരാഷ്ട്ര
നിലവാരത്തിലേക്കുയരുകയും സ്കൂളുകളെന്നാൽ
അധ്യാപകരും കുട്ടികളുമെന്ന കാഴ്ചപ്പാട് ഇനി
പകരം കുട്ടികളും അധ്യാപകരും സാമൂഹിക-
രാഷ്ട്രീയ- സാംസ്കാരിക നായകന്മാരും ഗവൺ
മെന്റിന്റെ വിവിധ ഏജൻസികളുമടങ്ങുന്ന ഒരു

വലിയ സംരംഭമായി സ്കൂൾ മാറുന്നുവെന്ന
തും അതിമനോഹരമായ ഒരു വസ്തുത തന്നെ
യാണ്. പഴക്കം ചെന്ന കെട്ടിടങ്ങൾ ഒഴിവാക്കി
അന്താരാഷ്ട്ര നിലവാരത്തിലുള്ള കെട്ടിടങ്ങൾ
തത്സ്ഥാനത്ത് ഉണ്ടാവുകയും ജൈവ വൈവിധ്യ
പാർക്കുകളും പൂന്തോട്ടങ്ങളും ചിത്രശലഭങ്ങളു
കുളങ്ങളുമടങ്ങിയ അതിമനോഹരമായ ചുറ്റുപാടു
കൾക്കൊപ്പം I.C.T സാധ്യതകൂടി പ്രയോജന
പ്പെടുത്തി പവർ പോയിന്റ് പ്രസന്റേഷൻ
വീഡിയോ തുടങ്ങിയ സാധ്യതകൾ ക്ലാസ് റൂമുകളിൽ
എത്തിച്ച് ബ്ലാക്ക്ബോർഡ് ഒഴിവാക്കിയുള്ള നൂതന
വിദ്യാഭ്യാസരീതി അവലംബിക്കാൻ കഴിയുന്ന
തിലൂടെ, പുസ്തകം കാണാപ്പാഠം പഠിച്ച് പരീക്ഷ
എഴുതിക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും
വ്യതിചലിച്ച് പ്രായോഗിക ജീവിതത്തിനാവശ്യ
മായ കാര്യങ്ങൾ മനസ്സിലാക്കുന്ന വിദ്യാഭ്യാസ
രീതിയിലേക്ക് മാറേണ്ടതാണെന്ന ബോധ്യം
വന്നുകഴിഞ്ഞു. ഈ ബോധനത്തിൽ തുടക്കം
വഴി കുട്ടികൾക്ക് ലഭിക്കേണ്ട സൗജന്യവും
നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കുന്നു.
എന്നതുമാത്രമല്ല അവരുടെ അവകാശങ്ങ
ളെക്കുറിച്ച് അവർ ബോധവാന്മാരാകുകയും
ചെയ്യുന്നു. ഇത്തരം വിദ്യാഭ്യാസം പൂർത്തി
യാകുന്ന കുട്ടികൾ, സാമൂഹിക പ്രതിബദ്ധത
പുലർത്തി, അവരുടെ കലാ - കായിക കഴിവു
കൾ സമൂഹത്തിനും രാഷ്ട്രത്തിനും പ്രയോ
ജനപ്പെടുന്ന രീതിയിൽ വളർത്തിക്കൊണ്ടു
വരുന്ന ഒരു തലമുറയായിത്തീരുന്നു.

ഇതിലൂടെ ലഹരി വിരുദ്ധ മനോഭാവമുള്ളവരും
സാമൂഹിക തിന്മകളിൽ നിന്നൊഴിഞ്ഞു നിൽക്കുന്ന
വരും വിധ്വംസക പ്രവർത്തനങ്ങളിൽ പങ്കു
ചേരാതിരിക്കുന്നവരുമായ ഒരു പുതിയ തലമുറ
യെ സൃഷ്ടിക്കാൻ കഴിയുന്നു. കൂടാതെ കുറഞ്ഞത്
3 ഭാഷകൾ എങ്കിലും എഴുതാനും വായിക്കാനും
കഴിവുള്ളവരായി മാറുകയും ചെയ്യുന്നു. ഇത്തര-
ത്തിൽ വളർന്നു വരുന്ന ഈ കുട്ടികൾ പരി-
സ്ഥിതി സംരക്ഷകരും കാർഷിക സംസ്കാരം
വളർത്തിയെടുക്കുന്നവരും പ്ലാസ്റ്റിക് മാലിന്യം,
കീടനാശിനികൾ എന്നിവയോട് വിമുഖത കാട്ടു-
ന്നവരുമായി മാറുന്നു.

ഉൾപ്പെട്ടത്തിലുള്ള വിദ്യാഭ്യാ-
സവും കൊഴിഞ്ഞുപോക്കില്ലാത്ത അന്തരീക്ഷവും
ദുർബല ജനവിഭാഗങ്ങൾക്കുള്ള പ്രോത്സാഹനവും
യുവത്വത്തിന്റെ തുടിപ്പിൽ തന്നെ ജോലി
കരസ്ഥമാക്കാൻ കഴിയുന്നതുമായ തരത്തിലുള്ള
വിദ്യാഭ്യാസ രീതികൾ പരക്കെ അസൂയയോ-
ടെ നോക്കിക്കാണട്ടെ എന്നാഗ്രഹിക്കുന്നു.

ആദരവോടെ

സുധീർ. മിറാൻഡ
ഹെഡ് മാസ്റ്റർ

ഇതിലൂടെ ലഹരി വിരുദ്ധ മനോഭാവമുള്ളവരും
സാമൂഹിക തിന്മകളിൽ നിന്നൊഴിഞ്ഞു നിൽക്കുന്ന
രും വിധ്വംസക പ്രവർത്തനങ്ങളിൽ പങ്കു
ചേരാതിരിക്കുന്നവരുമായ ഒരു പുതിയ തലമുറ
യെ സൃഷ്ടിക്കാൻ കഴിയുന്നു. കൂടാതെ കുറഞ്ഞത്
3 ഭാഷകൾ എങ്കിലും എഴുതാനും വായിക്കാനും
കഴിവുള്ളവരായി മാറുകയും ചെയ്യുന്നു. ഇത്തര-
ത്തിൽ വളർന്നു വരുന്ന ഈ കുട്ടികൾ ചരി-
സ്മൃതി സംരക്ഷകരും കാർഷിക സംസ്കാരം
വളർത്തിയെടുക്കുന്നവരും പ്ലാസ്റ്റിക് മാലിന്യം,
കീടനാശിനികൾ എന്നിവയോട് വിമുഖത കാട്ടു-
ന്നവരുമായി മാറുന്നു.

ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാ
സവും കൊഴിഞ്ഞുപോക്കില്ലാത്ത അന്തരീക്ഷവും
ദുർബല ജനവിഭാഗങ്ങൾക്കുള്ള പ്രോത്സാഹനവും
സ്വത്വത്തിന്റെ ഇടച്ചിൽ തന്നെ ജോലി
കരസ്ഥമാക്കാൻ കഴിയുന്നതുമായ തരത്തിലുള്ള
വിദ്യാഭ്യാസ രീതികൾ പരക്കെ അസൂയയോ-
ടെ നോക്കി കാണട്ടെ എന്നാഗ്രഹിക്കുന്നു.

ആദരവോടെ

സുധീർ. മിറാൻഡ
ഹെഡ്മാസ്റ്റർ

# ലക്ഷ്യങ്ങൾ.

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതു വിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിന പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക. പാഠം കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്ക പുറത്തേക്ക് പഠന പ്രവർത്തനങ്ങൾ വികസിപ്പിക്കുക. പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണയത്തിന്റെയും, വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്സ്‌റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവെക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

* 1 മുതൽ 10 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയു

ടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് - എന്ന് ഉറപ്പുവരുത്തുക. (പഠനവിഷയങ്ങളിൽ ആശയവ്യക്തത ഉണ്ടാകണം. കലാകായിക പ്രവൃത്തി പരിചയ പഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം. സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്ന് ഭാഷയിലെങ്കിലും ആശയവിനിമയ ശേഷി നേടണം)

* എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
* അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
* ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
* ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
* ക്ലാസ്സുമുറികളിൽ ഐ.സി.ടി. അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
* കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനുഷിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

* ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കും.
* പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
* പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
* സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനിക വൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.
* ലഘു പഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.
* മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്നതരത്തിൽ ഇടപെടലുകൾ നടത്തും.
* പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത കീടനാശിനി മുക്ത- ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും.
* കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് 'ജൈവവൈവിധ്യ ഉദ്യാനം' എന്ന ആശയം സ്കൂളിൽ നടപ്പാക്കും.

* പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.

* വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണം അർത്ഥപൂർണ്ണമാക്കും.

* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും

* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.

* സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തുക

* സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തും.

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

ഫ്രാൻസിസ്കൻ സന്യാസിനി സമൂഹത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിതമായ കൊല്ലം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ സ്കൂളായി പൊതുവിദ്യാഭ്യാസം ലക്ഷ്യമാക്കി 1908-ൽ 1, 2, 3 ക്ലാസുകളോട് കൂടി പ്രൈമറി സ്കൂൾ ആരംഭിച്ചു.

1947-ൽ Middle School ആയും St. Margaret's English Middle School എന്ന് അറിയപ്പെടുകയും ചെയ്തു. 1952 June മാസത്തിൽ IVth Form തുടങ്ങി. 1953-ൽ Vth Form, 1955-ൽ VIth Form (10th) നിലവിൽ വരുകയും ചെയ്തു. പെൺകുട്ടികൾക്ക് മാത്രമായി പേരയം ഗ്രാമപഞ്ചായത്തിലെ ഏക ഹൈസ്കൂളായി അന്നും ഇന്നും ഈ ഒരു സ്കൂൾ മാത്രമേ ഉള്ളൂ എന്നുള്ളതും പ്രത്യേകം ഓർക്കേണ്ടതുണ്ട്. 1955-ൽ 27 പെൺകുട്ടികൾ 10-ാം ക്ലാസിൽ പരീക്ഷ എഴുതി. 25 പേർ വിജയിച്ചു. തുടർന്ന് 2025 മാർച്ച് വരെയും S.S.L.C പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നത് അഭിമാനാർഹവും രേഖപ്പെടുത്തട്ടെ. കുണ്ടറ സബ്ജില്ലയിലെ ഏറ്റവും നല്ല സ്കൂളായും കൊല്ലം ജില്ലയിലെ ഏറ്റവും കൂടുതൽ A+ കാർക്കുള്ള അവാർഡുകൾ സ്ഥിരമായി വാങ്ങിക്കൊണ്ടിരിക്കുന്നതുമായ സ്കൂളാണിത്. കൂടാതെ

കലാ-കായിക മത്സരങ്ങളിൽ പെൺകുട്ടികളുടെ വിവിധ മത്സരങ്ങളിൽ പ്രഥമസ്ഥാനം സ്ഥിരമായി നില നിർത്തിപ്പോരുന്നതുമാണ്. കൊല്ലം ട്രാഫിക് പോലീസിന്റെ, മദ്യ-മയക്കുമരുന്നിനെതിരായുള്ള പദ്ധതിക്ക് തെരഞ്ഞെടുത്ത സ്കൂളുകളിൽ ഒന്നായിത്തീരാനും ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കൃത്യനിഷ്ഠയും അച്ചടക്കവും മുഖമുദ്രയാക്കിയിട്ടുള്ള ഈ സ്ഥാപനത്തിൽ നിന്ന് ഓഫീസ് സംബന്ധമായ യാതൊരുവിധ കേസുകളും നിലനിൽക്കുന്നില്ലായെന്നതും ശ്രദ്ധേയമായ നേട്ടങ്ങളായി രേഖപ്പെടുത്തുന്നു.

24 ക്ലാസ് മുറികളും, ലാബ് ലൈബ്രറികൾക്കായി ഓരോന്നും IT Lab നായി ഒരു മുറിയും Staff room നായി രണ്ട് മുറികളും ഓഫീസിനായി രണ്ട് മുറികളും NCC യ്ക്കായി ഒരു മുറിയും Co-operative society യ്ക്കായി ഒരു മുറിയും മാറ്റി വച്ചിട്ടുള്ളതായ ഈ സ്കൂളിൽ ജനറൽ വിഭാഗ OBC ഇനത്തിൽ കുട്ടികളും ത്തിൽ 28 കുട്ടികളും SC വിഭാഗത്തിൽ 36 കുട്ടികളും 28 അധ്യാപകരും 4 അനധ്യാപകരും ചേർന്ന് സമസ്ത മേഖലകളിലുമായി പരാതി രഹിതമായി പ്രവർത്തിച്ചു വരുന്നു. PTA, പഞ്ചായത്ത് വിദ്യാഭ്യാസ സമിതികൾ, അഭ്യുദയകാംക്ഷികൾ, രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക സമിതി എന്നിവരുടെ നിസ്സീമമായ സഹകരണത്തോടെ വ്യാവസായിക കേന്ദ്രമായ കുണ്ടറയുടെ ഹൃദയഭാഗത്ത്, അഷ്ടമുടി കായലിന്റെ തീരത്തായി സുഖശീതളമായ മന്ദമാരുതന്റെ സാന്നിദ്ധ്യവും പേറി സെന്റ് മാർഗരറ്റ്സ് സ്കൂൾ ശോഭയോടെ തലയുയർത്തി നിൽക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്.

* കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗാത്മകവുമായ പാരമ്പര്യം കാത്തു സൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹ സൃഷ്ടിക്കു ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.
* കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
* 20 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്ന് എൻ ആർ. ഐ വിഭവ സമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക.
* എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണ്യങ്ങളും മനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കും വിധം ആർജ്ജിക്കാനവസരമൊരുക്കുക.
* വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോ

ജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.

* വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാകുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.
* പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.
* കുട്ടികളുടെ സർഗ്ഗ ക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതി രൂപീകരിച്ചു നടപ്പാക്കുക.
* ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുകയും നിരന്തര വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക.
* കുട്ടികളുടെ പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക.
* സ്വയം പഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതിക സൗകര്യങ്ങളും ലൈബ്രറി, ലാബ് പോലുള്ള സംവിധാനങ്ങളും സ്ഥാപന വല്കരിക്കുക.
* സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

* 'പ്രകൃതി തന്നെ പാഠപുസ്തകം' എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.
* കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉറപ്പാക്കുക.
* വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, വിദ്യാഭ്യാസം സമാധാനത്തിന് എന്നീ ആശയങ്ങൾ നടപ്പിലാക്കാനും കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശനിയമവും പരിരക്ഷകളുമായി നടപ്പാക്കുന്ന ഒരു വിദ്യാലയമായി മാറുക.
* പ്രാദേശിക വിഭവ പട്ടിക തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിന് ലഭ്യമാക്കുക.

# പദ്ധതി രൂപീകരണ പ്രക്രിയ.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിന്റെ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സ്കൂൾ സമഗ്രവികസന രേഖ തയ്യാറാക്കുന്നതിനുമായി മുഴുവൻ സ്റ്റാഫ് അംഗങ്ങളുടെയും ഒരു ആലോചനായോഗം 04-02-2025-ന് പി. ടി. എ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ വിളിച്ചു ചേർത്തു. സമൂഹത്തിന്റെ സമസ്തമേഖലയിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാംശീകരിച്ചു കൊണ്ടു വേണം വികസന കാഴ്ചപ്പാട് രൂപീകരിക്കേണ്ടതെന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഏകോപിപ്പിക്കുന്നതിനായി അധ്യാപകരിൽ നിന്നും ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് വിദ്യാലയ വികസന രേഖ രൂപപ്പെടുത്തിയത്.

## 1. അധ്യാപക കൂട്ടായ്മ.

:- സ്കൂളിന്റെ സമഗ്ര വികസന രേഖ വികസിപ്പിച്ചെടുക്കുന്നതിന് അധ്യാപകരെ സജ്ജമാക്കുക എന്ന

ലക്ഷ്യത്തോടെ 21.2.25-ന് അധ്യാപക കൂട്ടായ്മ നടത്തി.

:- പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകളും വിവിധ വികസന പദ്ധതികളും ആസൂത്രണം ചെയ്തു.

## 2. സ്കൂൾതല വിദ്യാർത്ഥി ശില്പശാല.

:- വിദ്യാലയ വികസന പദ്ധതിക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുത്തു.

:- വിവിധ ക്ലബ്ബുകളുടെ പ്രവർത്തനത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി.

## 3. അവധിക്കാല കൂട്ടായ്മ

:- വിദ്യാർത്ഥികളിൽ അന്തർലീനമായി കിടക്കുന്ന കലാ-കായിക-സാഹിത്യ വാസനകളെ ഉണർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലേക്ക് തിരിക്കുക എന്ന ലക്ഷ്യത്തോടെ 2025 May 9, 10, 11 തീയതികളിൽ അവധിക്കാല കൂട്ടായ്മ നടത്തി.

## 4. പൂർവ്വ പി.ടി.എ. യോഗം.

:- മുൻ കാല പി.ടി.എ അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ വികസന പദ്ധതി ആസൂത്രണം ചെയ്തു.

# നിലവിലെ അവസ്ഥാ വിശകലനം.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ – പരിമിതികൾ.

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിൽ 5 ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഏക ഗേൾസ് ഹൈസ്കൂൾ സെന്റ്. മാർഗ്രറ്റ്സ് ഗേൾസ് ഹൈസ്കൂൾ തന്നെയാണ്. വിമല ഹൃദയ സന്യാസിനി സമൂഹത്തിന്റെ അധീനതയിൽ അച്ചടക്കവും സാന്മാർഗിക ബോധവും നൽകി വരുന്നതും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ എന്നും പ്രഥമസ്ഥാനം നിലനിർത്തിപ്പോരുന്നതുമായ സ്കൂൾ ആണെങ്കിലും പരിമിതികളുടെ ഒരു മഹാസാഗരം തന്നെ ഞങ്ങൾക്കുണ്ട് എന്ന കാര്യവും സൂചിപ്പിക്കാനാഗ്രഹിക്കുന്നു. നാലുചുറ്റും സ്വകാര്യ സ്കൂളുകൾ ബാഹ്യമോടികളാലും ഭൗതിക സൗകര്യങ്ങളാലും കുട്ടികളെ ആകർഷിച്ച് കൊണ്ടു പോകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. എങ്കിലും ഇതിനെ അതിജീവിച്ച് കൊഴിഞ്ഞുപോക്കില്ലാതെ എല്ലാ വർഷവും കുട്ടികളുടെ എണ്ണം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. എന്നാൽ അവരെ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിലുള്ള കെട്ടിട ദൗർലഭ്യം, 100 വർഷത്തിലധികം പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾ, ആധുനിക സൗകര്യങ്ങളോട് കൂടിയ ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകളുടെ അഭാവം, സ്കൂൾ വാഹന ലഭ്യതക്കുറവ്, ഊട്ടുപുരയുടെ അഭാവം,

സാമ്പത്തിക പരാധീനതയുള്ള PTA, വിദ്യാർത്ഥി
കുട്ടികൾ (പട്ടികജാതി - വർഗ്ഗ - ന്യൂനപക്ഷവിഭാഗങ്ങളിലെ-
കളുടെ മക്കൾ) എന്നിവർ കളിസ്ഥലത്തിന്റെ
അഭാവം, കമ്പ്യൂട്ടറുകളുടെ അപര്യാപ്തത,
പഠനോപകരണങ്ങൾ വാങ്ങാനുള്ള സൗകര്യക്കുറ-
വുകളും സാമ്പത്തിക സഹായം ലഭ്യമാകാത്ത
അവസ്ഥ, ഉന്നതിയിലേക്കോടും, Language lab,
Throwball court തുടങ്ങിയവ സ്കൂളിന്റെ
പരിമിതികളാണ്. ഇവ ഒരു പരിധിവരെയെങ്കിലും
പരിഹരിക്കപ്പെട്ടാൽ കൂടുതൽ കുട്ടികൾക്ക്
ഞങ്ങളുടെ സേവനം ലഭ്യമാക്കാൻ കഴിയും.
∴ 5 മുതൽ 10 വരെയുള്ള ക്ലാസുകളിലേക്കുള്ള
അധ്യയനമാണ് ഇവിടെ നടക്കുന്നത്.

| ക്ലാസ് | കുട്ടികളുടെ എണ്ണം [പെൺകുട്ടികൾ] |
|---|---|
| 5 | 32 |
| 6 | 55 |
| 7 | 49 |
| 8 | 87 |
| 9 | 102 |
| 10 | 107 |
| | |

:- മുമ്പുണ്ടായിരുന്ന സയൻസ് ലാബ് പുതനവും വിശാലവും ഉപയോഗപ്രദവുമായ രീതിയിൽ പുനർ നിർമ്മിച്ചു.

:- വിദ്യാർത്ഥികൾക്ക് ഇരുന്ന് വായിക്കാൻ കഴിയുന്ന വിധത്തിൽ ലൈബ്രറി സജ്ജമാക്കി.

:- പഠിക്കാനും പഠിപ്പിക്കുവാനും ഉതകുന്ന രീതിയിലുള്ള 27 കമ്പ്യൂട്ടറുകൾ ഉണ്ട്.

:- പ്രൊജക്ടറുകൾ, പ്രിന്റുകൾ, ക്യാമറ, ജി.പി.എസ്, CCT ക്യാമറ എന്നിവ ഉണ്ട്.

:- 8, 9, 10 ക്ലാസുകളിലെ കുട്ടികൾ അനുഭവിക്കുന്ന വിവിധങ്ങളായ മാനസിക സമ്മർദ്ദങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ കൗൺസിലിംഗും ഗൈഡൻസും നൽകി വരുന്നു.

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

ഔഷധ സസ്യത്തോട്ടം കൂടിയ ജൈവ വൈവിധ്യ പാർക്കിന്റെ നിർമ്മാണത്തിനായി ഗ്രൗണ്ടിലെ കിണറിന്റെ കിഴക്കു ഭാഗത്തായി സ്ഥലം കണ്ടെത്തി കഴിഞ്ഞു. ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യവും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പഴക്കം ചെന്ന താഴത്തെ സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി തൽസ്ഥാനത്ത് ഇരുനിലയിൽ കോൺക്രീറ്റ് കെട്ടിടം നിർമ്മിച്ച് താഴത്തെ നിലയിൽ ക്ലാസ്റൂമുകളും മുകളിലത്തെ നിലയിൽ സ്കൂൾ ഓഡിറ്റോറിയവും നിർമ്മിക്കാനും ഗ്രൗണ്ട് ഹരിതാഭ ശോഭയിൽ മാറുന്നതിന്റെ ഭാഗമായി പുല്ല് പാകുന്നതിനും ലക്ഷ്യമിടുന്നു. അതിനോടൊപ്പം ശുദ്ധജല വിതരണ സൗകര്യവും വർദ്ധിപ്പിക്കുന്നതിനായി ഏതെങ്കിലും ഏജൻസികളുടെ സഹായം തേടുന്നതിനും ഉദ്ദേശിക്കുന്നു.

## അക്കാദമികം

ഗണിത ലാബിനും ഭാഷാലാബിനും വേണ്ട സൗകര്യം ഏർപ്പെടുത്തുക, ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക പരിശീലനങ്ങൾ, ക്യാമ്പുകൾ, പഠനോപകരണങ്ങൾ എന്നിവ സംഘടിപ്പിക്കുകയും I.C.T സാധ്യതകൾ അവർക്കു കൂടി

പ്രയോജനപ്പെടുത്തുകയും ചെയ്യുക. നിലവിലെ വിനോദയാത്രകൾക്കു പുറമേ ക്ലാസിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് കൂടുതൽ ഉന്നതി ലഭ്യമാക്കുന്നതിനായി വിവിധ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെയും മഹത് വ്യക്തികളുടെയും സാന്നിദ്ധ്യവും പ്രയോജനപ്പെടുത്തി വിവിധമുള്ള പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയവ അക്കാദമിക രംഗത്തെ മികവിനായി ഞങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയാണ്.

ഇതിനും പുറമേ പഠനപിന്നാക്കം നിൽക്കുന്ന കുട്ടികളെ അവരുടെ ജീവിത സാഹചര്യം മനസ്സിലാക്കുന്നതിനായി മന:ശാസ്ത്ര വിദഗ്ദ്ധരുടെ സേവനവും പ്രയോജനപ്പെടുത്തുന്നതിനും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കുന്നതിനമുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയാണ്.

# പദ്ധതി വിശദാംശങ്ങൾ.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | 1. പഠന നിലവാരം ബോധ്യപ്പെടുന്നു. അതിനായി പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ - ആഗസ്റ്റ്. | അതാത് വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർ. | |
| | 2. പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. | സെപ്റ്റംബർ | H.M/ സീനിയർ അസിസ്റ്റന്റ്/ ഭാഷാധ്യാപകർ. | |
| | 3. വിവിധ ഭാഷകളിൽ ഒരു അസംബ്ലി | ആഴ്ചയിൽ 3 ദിവസം | ഭാഷാധ്യാപകർ. | |
| | 4. ഡയറിക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ 1 ദിവസം | | |
| | 5. ഒരു ദിവസം ഒരു ഭാഷാ പരിപാടി | പ്രതിദിനം | ഭാഷാധ്യാപകർ. | |
| | 6. പത്രക്കുറിപ്പ്, നോട്ടീസ്, പോസ്റ്ററുകൾ, മാഗസിൻ എന്നിവ തയ്യാറാക്കൽ | ഒക്ടോബർ മാർച്ച് | ഭാഷാധ്യാപകർ | 1 കുട്ടിക്ക് 35 രൂപ. |

മേഖല- അക്കാദമികം

ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലോകത്തിന്റെ നിലനിൽപ്പു തന്നെ കണക്കിനടിസ്ഥാനത്തിലാണ്. ഉണ്ടാകുന്ന സങ്കീർണ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും കുട്ടികളിൽ ഗണിത താല്പര്യം ജനിപ്പിക്കുന്നതിനും വേണ്ടി നടക്കുന്ന പ്രക്രിയ. | 1. ചാർട്ടുകൾ, മോഡലുകൾ പ്രൊജക്ട്, സെമിനാർ, പ്രാക്ടിക്കൽ ക്വിസ് | 1-ാം പാദത്തിൽ ആരംഭിക്കുന്നു. | ഗണിതാധ്യാപകർ. | 1. കുട്ടിക്ക് 20 രൂപ വീതം. |
| | 2. I.C.T സാധ്യത (ജിയോജിബ്ര) | മാസത്തിലൊരിക്കൽ | " | |
| | 3. പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് കൊണ്ടുവരുന്ന പ്രവർത്തനം (additional class) | ആഴ്ചയിൽ ഒരുദിവസം | " | |
| | 4. ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ, ഗണിത കഥകൾ, ലഘു കവിതകൾ തുടങ്ങിയ മാർഗ്ഗം അവലംബിച്ച് ഗണിതം ഇഷ്ടവിഷയമാക്കി മാറ്റുക. | രണ്ടാഴ്ചയിൽ ഒരിക്കൽ | " | |
| | 5. ചതുഷ്ക്രിയകളുപയോഗിച്ച് ഗണിതം ഉൾപ്പെടുത്തുന്ന കളി നടപ്പിലാക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | " | |

മേഖല - അക്കാദമികം

ഉപമേഖല - സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നു. | 1. പരീക്ഷണ നിരീക്ഷണങ്ങൾ പരിചയപ്പെടുന്നതിനായി പഠനയാത്രകൾ നടത്തുന്നതിലൂടെ ഭൗമ നിരീക്ഷണത്തെക്കുറിച്ചും കെമിക്കൽ ഫാക്ടറിയിലെ പ്രവർത്തനങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നു. ശാരീരികാവയവങ്ങളുടെ ധർമ്മത്തെക്കുറിച്ച് മനസ്സിലാക്കാൻ പഠനയാത്രകൾ. | വർഷത്തിലൊരിക്കൽ | H.M / സയൻസ് അധ്യാപകർ. | യാത്രാദൂരത്തിനനുസരിച്ച് |
| | 2. സ്കൂൾതല ശാസ്ത്രമേളയിൽ വർക്കിംഗ് മോഡൽ, Still model, improvised Experiment തുടങ്ങിയവ അവതരിപ്പിക്കുകയും ജില്ല സംസ്ഥാന ദേശീയ തലങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. | ജൂൺ– ഒക്ടോബർ | | മോഡലിന് ആനുപാതികമായി |
| | ശാസ്ത്ര ക്വിസ്, സെമിനാർ, ഡിബേറ്റ് എന്നിവ സംഘടിപ്പിക്കുന്നു. | മാസത്തിലൊരിക്കൽ | | |

മേഖല - അക്കാദമികം

ഉപമേഖല - സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രാഷ്ട്രീയ - സാമൂഹിക - സാംസ്കാരിക - ചരിത്ര - ഭൂമിശാസ്ത്ര പരമായ അറിവുകൾ കുട്ടികൾ മനസ്സിലാക്കുന്നതിന്. | 1. ഡിസാസ്റ്റർ മാനേജ്മെന്റിനെ കുറിച്ച് അറിവ് നൽകുന്നു. | 1 മാസം | സാമൂഹിക ശാസ്ത്ര അദ്ധ്യാപകർ | ചാർട്ട് ചെലവ് |
| | 2. I.C.T. സാധ്യത ഉപയോഗിച്ച് ഭൂമിശാസ്ത്രപരമായ അവബോധം കുട്ടികളിൽ ഉളവാക്കുന്നു. | ആഴ്ചയിൽ 1 ദിവസം | I.T. കോ-ഓർഡിനേറ്റർ | |
| | 3. ലൈബ്രറി, പുസ്തകങ്ങൾ പ്രയോജനപ്പെടുത്തി ചർച്ച, സെമിനാറുകൾ എന്നിവ കുട്ടികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. | മാസത്തിലൊരിക്കൽ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| | 4. ഭൂപടനിർമ്മാണം, ക്ലേ മോഡൽ, നിശ്ചല മാതൃകകൾ, ചാർട്ടുകൾ, ക്വിസ് മത്സരം എന്നിവ നടത്തി മത്സരങ്ങളിൽ പ്രാഗത്ഭ്യം തെളിയിക്കാൻ പ്രാപ്തരാക്കുന്നു. | രണ്ടാം പാദം | " | 200 രൂപ |

# മേഖല - ഭൗതിക സൗകര്യം

മാലിന്യമുക്തകേരളം എന്ന ആശയം ഉൾക്കൊള്ളിച്ചുകൊണ്ട് ആരോഗ്യകരവും ശുചിത്വപൂർണ്ണവുമായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിന്റെ ഭാഗമായി എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി സുരക്ഷിതവും സുന്ദരവുമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിൽ ഞങ്ങൾ അതീവ ശ്രദ്ധാലുക്കളാണ്. അനുയോജ്യ സാങ്കേതിക വിദ്യ പ്രകൃതിയ്ക്കിണങ്ങും വിധം പ്രയോജനപ്പെടുത്തി നിലവിലുള്ളവയുടെ പുനരുപയോഗം, പുനരാവിഷ്കാരം എന്നിവയ്ക്ക് പ്രാധാന്യവും അതോടൊപ്പം നൽകുന്നുണ്ട്.

## 1. ഉപമേഖല

ഹരിത, സുരക്ഷിത, സുന്ദര, ശുചിത്വ പരിസരം

ഹരിത സുന്ദരമായ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾക്ക് ആവശ്യമായ സസ്യങ്ങൾ, സ്കൂൾ കോമ്പൗണ്ടിൽ വച്ചു പിടിപ്പിക്കുകയും

# മേഖല - ഭൗതിക സൗകര്യം.

കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയിലമരുന്നപ്പോൾ ആരോഗ്യകരവും ശുചിത്വപൂർണ്ണവുമായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിന്റെ ഭാഗമായി എല്ലാ വിഭാഗക്കാരെയും ഉൾപ്പെടുത്തി സുരക്ഷിതവും സുന്ദരവുമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിൽ ഞങ്ങൾ അതീവ ശ്രദ്ധാലുക്കളാണ്. അനുയോജ്യ സാങ്കേതിക വിദ്യ പ്രകൃതിക്കിണങ്ങും വിധം പ്രയോജനപ്പെടുത്തി നിലവിലുള്ളവയുടെ പുനരുപയോഗം, പുനരാവിഷ്ക്കാരം എന്നിവയ്ക്കു പ്രത്യേക പ്രാധാന്യവും അതോടൊപ്പം നൽകുന്നുണ്ട്.

## 1. ഉപമേഖല.

### ഹരിത സുരക്ഷിത, സുന്ദര, ശുചിത്വ പരിസരം.

ഹരിത സുന്ദരമായ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമഗ്ര ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾക്ക് ആവശ്യമായ സസ്യങ്ങൾ, സ്കൂൾ കോമ്പൗണ്ടിൽ വച്ചു പിടിപ്പിക്കുകയും,

ജലജീവികൾ, ജലസസ്യങ്ങൾ എന്നിവ അടങ്ങിയ ചെറിയ കുളം നിർമ്മിക്കുകയും ഇതിനാവശ്യ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യുന്നു. കൂടാതെ വിദ്യാലയം പ്ലാസ്റ്റിക് രഹിതമാക്കുകയും ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ശലഭോദ്യാനം, കുട്ടികളുടെ പാർക്ക്, ചുറ്റുമതിൽ, ആകർഷകമായ ഗേറ്റ്, കേരളത്തിന്റെയും ഇന്ത്യയുടെയും രൂപം നിർമ്മിച്ചിട്ടുള്ള ശില്പം, മാലിന്യ സംസ്കരണ സംവിധാനം എന്നിവ സ്കൂളിനെ കൂടുതൽ സുന്ദരമാക്കുന്നു. മഴവെള്ള സംഭരണി, കിണർ റീചാർജ്ജിംഗ് സംവിധാനം, എല്ലാ കെട്ടിടങ്ങളിലും കുടിവെള്ള ലഭ്യത, ചൂടുവെള്ള വിതരണത്തിനുള്ള ക്രമീകരണം, പോഷകാഹാര വിതരണത്തിനായുള്ള വൃത്തിയുള്ള ഊട്ടുപുര, ബയോഗ്യാസ് പ്ലാന്റ്, ആധുനിക സൗകര്യങ്ങളുള്ള ലൈബ്രറി, വിദ്യാർത്ഥി സൗഹൃദപരമായ ക്ലാസ് മുറികൾ, കമ്പ്യൂട്ടർലാബ് കോവിഡ് അന്തരീക്ഷത്തെ പ്രതിരോധിക്കുന്നതിനാവശ്യമായ മുൻകരുതൽ എന്നോണം സാനിറ്റൈസർ, hand wash, ജലം തുടങ്ങിയവ ക്ലാസ് മുറികളിൽ ലഭ്യമാക്കുന്നു.

എല്ലാ ദിവസവും ടോയ്‌ലറ്റ് ശുചീകരണം നടത്തുന്നുണ്ട്. ഇതിനാവശ്യമായ എല്ലാവിധ സാധന സാമഗ്രികളും ഒരുക്കിയിട്ടുണ്ട്.

കോവിഡ് ബോധവത്കരണം എല്ലാ ക്ലാസ്സു
കുട്ടികൾക്ക് നൽകി വരുന്നു. അക്കാദമിക
നിലവാരം പ്രതിഫലിപ്പിക്കുന്ന ഓഫീസ്,
പ്രഥമാധ്യാപക റൂം, റിസോഴ്സ് റൂം ഉന്നത
നിലയിലുള്ള സ്റ്റാഫ് റൂം കായിക വിദ്യാഭ്യാസ
സൗകര്യം (വിശാലമായ സ്കൂൾ മൈതാനം)
എന്നിവയും ഞങ്ങളുടെ ഭൗതിക നേട്ടങ്ങളിൽ
ഉൾപ്പെടുത്താവുന്നവയാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ ഭാഗമായുള്ള അധ്യയന വർഷത്തിൽ ഈ സ്കൂളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന -

# ഹരിതനയം

## പദ്ധതി.

:- പ്രകൃതി സൗഹൃദ വിദ്യാലയപരിസരം സൃഷ്ടിക്കുകയും ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുകയും ചെയ്യുക. മഴക്കുഴി രൂപീകരണം, വൃക്ഷത്തൈ നടൽ, കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കുക. പ്ലാസ്റ്റിക്, പേപ്പർ എന്നിവ അടുക്കി സൂക്ഷിച്ച് അവ ശേഖരിക്കുന്നവർക്ക് കൈമാറുക.

:- ജൈവമാലിന്യങ്ങൾ, അജൈവമാലിന്യങ്ങൾ തുടങ്ങിയവ തരം തിരിച്ച് ശേഖരിക്കുക.

:- വിദ്യാലയവും, പരിസരവും മാലിന്യമുക്തവും പ്ലാസ്റ്റിക് രഹിതവും ഹരിതാഭവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

:- മയക്കു- മരുന്ന് - പുകയില ഉത്പന്നങ്ങൾ വിദ്യാലയ പരിസരത്ത് വിൽക്കുന്നില്ല എന്ന് സ്കൂൾ ജാഗ്രതാ സമിതി ഉറപ്പാക്കുക.

:- ഭക്ഷണം, കുടിവെള്ളം ഇവ കൊണ്ടുവരു-
ന്നതിന് സ്റ്റീൽ പാത്രങ്ങൾ ഉപയോഗി-
ക്കാൻ നിർദ്ദേശിക്കുക.

:- പ്ലാസ്റ്റിക് പേനകളുടെ ഉപയോഗം നിരു-
ത്സാഹപ്പെടുത്തി മഷിപേന ഉപയോഗിക്കാൻ
പ്രോത്സാഹിപ്പിക്കും

:- ഫ്ലക്സ് ബോർഡുകൾ, പ്ലാസ്റ്റിക് തോരണ-
ങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കി
പോസ്റ്ററുകൾ, ബാനറുകൾ എന്നിവ തുണിയിലോ
പേപ്പറിലോ മാത്രം തയ്യാറാക്കാം.

# പ്രതീക്ഷിത നേട്ടങ്ങൾ

പാഠഭാഗത്തിന്റെ പരിധിയിൽ കുട്ടികളുടെ ചിന്ത, ഭാവന, സാംസ്കാരികാവബോധം എന്നിവ ഉദ്ദീപിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്. ഇതിന് അനുയോജ്യമായ ഒരു ഭൗതിക സാഹചര്യം സൃഷ്ടിക്കുക എന്നതാണ് ഏറ്റവും മുഖ്യമായത്. ഇതിനായി വിദ്യാലയ പരിസരം സുന്ദരവും ശുചിത്വവും സുരക്ഷിതവും ഉള്ളതാക്കി മാറ്റണം. ജലവിതരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, വിവിധോദ്ദേശ്യ ഹാളുകൾ, സവിശേഷാവശ്യമുറികൾ ഇടങ്ങൾ, സ്മാർട്ട് റൂം, റിസോഴ്സ് റൂം എന്ന നിലയിലുള്ള ഗാലറി, സ്കൂൾ മ്യൂസിയം കായിക വിദ്യാഭ്യാസ സൗകര്യം തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കുക എന്നതും ഞങ്ങളുടെ പ്രതീക്ഷയാണ്.

# മോണിറ്ററിംഗ്

## പ്രവർത്തനങ്ങൾ.

:- സമഗ്ര വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സ്കൂളിലെ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

:- സമയബന്ധിതമായി അക്കാദമിക് പ്രവർത്തനങ്ങൾക്കായി വേണ്ടിവരുന്ന പുറം സഹായം ആവശ്യമാകും സംഘടിപ്പിക്കുന്നതാണ്. അത് ആവശ്യമായി നടപ്പിൽ വരുത്തുകയും ചെയ്യുന്നതാണ്.

:- അക്കാദമിക് പ്രവർത്തനങ്ങൾക്ക് മാർഗ നിർദേശം നൽകുന്നതാണ്.

:- സംഘാടക പ്രവർത്തനങ്ങളിൽ നിരന്തരം ഇടപെടും. അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും സാമ്പത്തിക ക്രമക്കേടുകൾ ഒഴിവാക്കുകയും ചെയ്യും.

:- കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കളും പ്രോത്സാഹനവും നൽകുന്ന [illegible] തന്നെ പരിശോധകരുടെയും എങ്ങും സൗഹൃദ സ്വഭാവം നിലനിർത്തും.

:- സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി വിലയിരുത്തൽ. പ്രതിമാസ ക്ലാസ്സിലെ ആസൂത്രണം വിലയിരുത്തൽ, ഉൾപ്പെട്ടിരുന്ന വിദ്യാഭ്യാസ സാധ്യതകൾ വിലയിരുത്തൽ, മൂല്യനിർണയം നടത്തൽ, അധ്യാപകരുടെ പരിശീലനങ്ങൾ പരിപോഷിപ്പിക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തും. അതിനായി ഒരു സ്കൂൾതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സമിതിയംഗങ്ങളെ താഴെ പറയുന്നു.

അധ്യക്ഷൻ :- S M.C ചെയർമാൻ

കൺവീനർ :- ഹെഡ്മിസ്ട്രസ്
സീനിയർ അസിസ്റ്റന്റ്

P.T.A, M.P.T.A, S.MC, S.M.D.C - ചെയർമാന്മാർ, S.R.G കൺവീനർ, S.I.T.C, പ്രാദേശിക വിദഗ്ധർ - രണ്ട്.

ഇവർ ചേർന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ഓരോ മാസവും സ്ഥാപനം കൈവരിച്ച അക്കാദമിക മികവുകൾ H.M യോഗത്തിൽ അവതരിപ്പിക്കുന്നു. ഇതിന്റെ

അടിസ്ഥാനത്തിൽ ചർച്ചകൾ നടക്കുകയും
പുതിയ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു
മോണിറ്ററിംഗ് സമിതിയുടെ അക്കാദമിക നിർദ്ദേശ
ങ്ങൾ എല്ലാ അധ്യാപകർക്കും ലഭ്യമാകുകയും
S.R.G യിൽ ഈ കാര്യങ്ങൾ ചർച്ച ചെയ്ത
തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും
ചെയ്യുന്നു.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രാവർത്തികമാക്കുന്നതിനായി സമഗ്രമായ ഭൗതിക വിദ്യാലയ വികസന പദ്ധതിയിൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളോടൊപ്പം എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ ഉൾപ്പെടുത്തിയതിനു നന്ദി രേഖപ്പെടുത്തുന്നു. കാഞ്ഞിരക്കോട് സെന്റ്. മാർഗ്രറ്റ്സ് ഗേൾസ് ഹൈസ്കൂളിനും ഇതിന്റെ ഭാഗമാകാൻ കഴിഞ്ഞു എന്നതിൽ അതിയായ സന്തോഷമുണ്ട്. ലോകോത്തര നിലവാരത്തിലുള്ള ഒരു വിദ്യാഭ്യാസ രീതി നടപ്പിലാക്കി കുട്ടികളുടെ സർവതോമുഖ വികാസം ലക്ഷ്യമാക്കുന്നതിനായി ദീർഘ വീക്ഷണത്തോടെ പദ്ധതി നടപ്പിലാക്കുന്ന ബഹു. വിദ്യാഭ്യാസ മന്ത്രി . ശ്രീ. ശിവൻകുട്ടി സാറിനും അതിന് എല്ലാ പിന്തുണയും നൽകുന്ന സർക്കാരിനും ഈ സ്കൂളിന്റെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ശിശു കേന്ദ്രീകൃത വിദ്യാഭ്യാസ രീതി അവലംബിച്ചതോടെ വിദ്യാഭ്യാസം ശിക്ഷണമല്ല, മറിച്ച് സൗഹൃദമാണെന്ന ബോധ്യം കുട്ടികൾക്ക് ബോധ്യപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം

ഉണർവ് പ്രോത്സാഹിപ്പിക്കുന്നതിലൂടെ കുട്ടികളുടെ
കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കാനും, രാഷ്ട്ര നന്മക്കു-
തകുന്ന വിധത്തിൽ അവരുടെ കഴിവുകൾ പ്രയോ-
ജനപ്പെടുത്തി ഉത്തമ പൗരന്മാരെ വാർത്തെടു-
ക്കാനും കഴിയുന്നു. കുട്ടികളിൽ പ്രായോഗികാഭി-
രുചി വർദ്ധിപ്പിക്കുന്നതിനും ഗവേഷണ തൽപ്പരരാക്കു-
ന്നതിനും കുട്ടികളുടെ പ്രത്യേക അഭിരുചികൾ
കണ്ടെത്തി അതിനെ പരിപോഷിപ്പിച്ച് ആ
മേഖലയിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റുകയും
ചെയ്യുന്ന തരത്തിലുള്ള ബോധനരീതി ഏറെ
പ്രശംസാർഹം തന്നെയാണ്. ഇത്തരം ബോധന
രീതികൾ പ്രയോഗിച്ച് വിദ്യാലയത്തിലെത്തിക്കു-
ന്നതിന് ഞങ്ങൾക്ക് കഴിഞ്ഞു. എങ്കിലും ഞങ്ങളുടെ
സ്കൂൾ ഭൗതികമായും, സാമ്പത്തികമായും ധാരാളം
പ്രതിസന്ധികൾ നേരിടുന്നുണ്ട്. ഇതിലേക്കായി
സർക്കാരിന്റെ ശ്രദ്ധ തിരിയണമെന്നും ആവശ്യ-
മായ സാമ്പത്തിക സഹായ മാർഗ്ഗ നിർദ്ദേശ-
ങ്ങൾ ലഭ്യമാകും എന്നുമുള്ള പ്രത്യാശയോടെ,

H.M.

(signature)

ST. MARGARET'S GIRLS H.S.
Kanjiracode
Kundara

SUDHEER.S.MIRANDA
PEN : [illegible]
HEADMASTER
ST. MARGARET'S GIRLS' HIGH SCHOOL
KANJIRACODE-[illegible]